## കെ.എസ്. ശ്രീനിവാസിനെ നീക്കാനുള്ള ശ്രമം ഉപേക്ഷിക്കണം

സത്യസന്ധതയും, പരിശുദ്ധമായ സർവീസ് ചരിത്രവുമുള്ള കെ.എസ്. ശ്രീനിവാസ് ഐ.എ.എസ്സിനെ മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ എം.ഡി. സ്ഥാനത്തുനിന്ന് ചില ദുഷ്ടശക്തികളുടെ സമ്മർദ്ദത്തിന് വഴങ്ങി മാറ്റാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് ജനജാഗ്രത, പാലക്കാട് മുന്നോട്ട്, സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ്, ഹരിത ഡെവലപ്മെന്റ് അസോസിയേഷൻ, കൺസ്യൂമർ പ്രൊട്ടക്ഷൻ സെന്റർ, പാലക്കാട് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, പീപ്പിൾസ് ഹെൽത്ത്‌വാച്ച് എന്നീ സംഘടനകൾ ഗവൺമെൻറിനോട ഭ്യർത്ഥിച്ചു. അഴിമതിക്കും, കെടുകാര്യസ്ഥതക്കും കുപ്രസിദ്ധിയാർജ്ജിച്ച മലബാർ സിമന്റ്സിൽ കെ.എസ്. ശ്രീനിവാസ് എം.ഡി.യായി ആഗസ്റ്റിൽ ചാർജ്ജെടുക്കുമ്പോൾ കമ്പനി 40 കോടി രൂപയുടെ നഷ്ടത്തിലായിരുന്നു. അദ്ദേഹത്തിന്റെ പരിശ്രമവും ആസൂത്രിതമായ നടപടികളും മൂലം കമ്പനി നഷ്ടത്തിൽനിന്ന് കരകയറി ഒരു വർഷത്തിനുള്ളിൽ 24 കോടി രൂപയുടെ ലാഭം നേടി. അഴിമതിക്കാരായ ഉദ്യോഗസ്ഥരെയും, കമ്പനിയിൽ ബിനാമിശക്തിയായി എല്ലാം നിയന്ത്രിച്ചിരുന്ന പാലക്കാട്ടെ ഒരു അബ്കാരി വ്യവസായിയെയും ധീരമായി പുറത്താക്കി. ഈ വ്യവസായിയാണ് മസ്ദൂർ നിയമനങ്ങളും മറ്റും ലക്ഷങ്ങൾ കോഴ വാങ്ങി നടത്തിയിരുന്നത്. ഹൈക്കോടതി റദ്ദാക്കിയ മസ്ദൂർ നിയമനത്തിൽ ചില രാഷ്ട്രീയ നേതാക്കളുടെ മക്കളുമുണ്ടെന്നകാര്യം പരസ്യമാണ്. അദ്ദേഹത്തിന്റെ ബാർ ഹോട്ടലുകളിലെ 50 ജീവനക്കാർക്ക് രണ്ടുവർഷത്തോളം ശമ്പളം നൽകിയിരുന്നത് എം.സി.എല്ലി-ൽ നിന്നാണത്രേ. കഴിഞ്ഞ മൂന്നുവർഷത്തിനിടക്ക് അദ്ദേഹത്തിന്റേതായി നഗരത്തിൽ പടുത്തുയർത്തിയിട്ടുള്ളത് മൂന്ന് പടുകൂറ്റൻ ബാർ ഹോട്ടലുകളാണ്. 2003-2006 കാലയളവിൽ നടന്ന ക്രമക്കേടുകളുടെ വിവരങ്ങളെ അടിസ്ഥാനമാക്കി എം.സി. എല്ലിലെ അഴിമതിക്കേസന്വേഷണം വിജിലൻസ് ഏറ്റെടുത്തു. മസ്ദൂർ നിയമനങ്ങൾ, ഫ്ളൈ ആഷ്, ട്രാൻസ്പോർട്ടേഷൻ എന്നിവയിലാണ്, പ്രധാന അന്വേഷണം. മൊത്തം 400 കോടി രൂപയുടെ അഴിമതിയാണ് ഈ കാലയളവിൽ നടന്നതായി തിട്ടപ്പെടുത്തിയിട്ടുള്ളത്. വിജിലൻസ് അന്വേഷണത്തിന് പരിമിതികളുണ്ട്. പലവിധ രാഷ്ട്രീയ സമ്മർദ്ദങ്ങളുമുണ്ട്. അന്വേഷണം പൂർത്തിയാകുന്നതുവരെ ശ്രീനിവാസ് അവിടെ തുടർന്നാൽ പലതും കണ്ടുപിടിക്കുമോ എന്ന ഭയം കൊണ്ടാണ് ഇപ്പോൾ അദ്ദേഹത്തെ നീക്കാൻ നീക്കങ്ങൾ നടക്കുന്നത്.

*ഡോ. പി.എസ്. പണിക്കർ, ജനജാഗ്രത, തൊറപ്പാളയം, പാലക്കാട്*

## ഭരണകൂട തന്ത്രങ്ങൾക്കെതിരെ ജനകീയ മാർച്ച്

വ്യത്യസ്ത അഭിപ്രായങ്ങളെ സഹിഷ്ണുതയോടെ സമീപിക്കാതെ അവയെ ജനവിരുദ്ധമെന്ന് മുദ്രകുത്തി അടിച്ചമർത്താനുള്ള ശ്രമങ്ങൾ നടത്തുകയാണ് കേരള സർക്കാർ. മാവോയിസ്റ്റ് മുദ്ര ചാർത്തി പത്രപ്രവർത്തകൻ ഗോവിന്ദൻകുട്ടി അറസ്റ്റ് ചെയ്യപ്പെട്ടശേഷം നിരവധി സാമൂഹ്യ പ്രവർത്തകർക്ക് പോലീസ് ഭീഷണി നേരിടേണ്ടിവന്നു. കേരളത്തിലെമ്പാടും നടന്ന പരിസ്ഥിതി-മനുഷ്യാവകാശ പോരാട്ടങ്ങളുടെ തീയും ചൂടുമാണ് ഇടതുമുന്നണിയുടെ ഭരണലബ്ധിക്കാധാരമായ ഒരു ഘടകം. ആ സർക്കാർ തന്നെ ഇത്തരം പോരാട്ടങ്ങളെ തീവ്രവാദ മുദ്ര ചാർത്തി അടിച്ചമർത്താൻ ശ്രമിക്കുന്നത് ജനാധിപത്യവിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി ജില്ലയിലെ പരിസ്ഥിതി-മനുഷ്യവകാശ രാഷ്ട്രീയ പ്രവർത്തകർ എറണാകുളം പോലീസ് കമ്മീഷണർ ഓഫീസിലേക്ക് മാർച്ച് നടത്തി.

വിവിധ ജനകീയ പ്രസ്ഥാനങ്ങളുടെ നേതാക്കളും സാമൂഹികപരിസ്ഥിതി പ്രവർത്തനങ്ങളും പങ്കെടുത്ത മാർച്ച് മറൈൻ ഡ്രൈവിനടുത്തുവെച്ച് പോലീസ് തടഞ്ഞു. തുടർന്ന് വിവിധ നേതാക്കൾ ജനകീയ സമരങ്ങളെ ചെറുത്തുതോൽപിക്കാനുള്ള ഭരണകൂടതന്ത്രങ്ങൾക്കെതിരെ മാർച്ചിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

തൃശൂർ ജില്ലയിലും പരിസ്ഥിതി മനുഷ്യാവകാശ പ്രവർത്തകർ സർക്കാർ-പോലീസ് അതിക്രമങ്ങൾക്കെതിരെ, ഗോവിന്ദൻകുട്ടിയെ വിട്ടയയ്ക്കമെന്നാവശ്യപ്പെട്ട് കോർപ്പറേഷന് മുന്നിൽനിന്നും ഡി.ഐ.ജി. ഓഫീസിലേക്ക് മാർച്ച് നടത്തി.

## കർഷക ആത്മഹത്യയ്ക്ക് നീർത്തട ബില്ല് പരിഹാരമോ?

കർഷകർ അവരുടെ നിലനില്പ്പിന് വേണ്ടിയുള്ള നിർണ്ണായക പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. കേരള സർക്കാർ, നെൽവയൽ-നീർത്തട സംരക്ഷണ ബില്ല് ഈ വരുന്ന മാർച്ചിൽ നിയമമാക്കാൻ പോകുന്നു. ഈ ബില്ലിലെ ഒട്ടുമിക്ക വ്യവസ്ഥകളും കർഷക താൽപര്യങ്ങൾക്ക് എതിരാണ്. നഷ്ടം സഹിച്ച് കൃഷി നടത്തിക്കൊണ്ട് പോകുവാൻ കർഷകർക്ക് കഴിയുന്നില്ല. എന്നാൽ ഈ അവസ്ഥ മുതലെടുത്ത് കൃഷി ഭൂമി, മാഫിയകളുടെ കൈകളിലെത്തുവാൻ സഹായിക്കുന്ന ഒരു നിയമമാണ് സർക്കാർ കൊണ്ടുവരാൻ പോകുന്നത്. ലാൻഡ് അകിസിഷൻ ആക്ടും കെ.എൽ.യു. ആക്ടും ഇപ്പോൾത്തന്നെ പ്രാബല്യത്തിലുണ്ട്. പുതിയ നിയമ നിർമ്മാണം സർക്കാരിന് എന്ത് നേട്ടമാണ് ലഭിക്കാനുള്ളത്?

ഇവിടെ കൃഷിഭൂമി തരിശിടുന്നത് മൂലം നെൽവയലുകളും നീർത്തടങ്ങളും ഇല്ലാതാകുമെന്നും പരിസ്ഥിതിക്ക് കോട്ടം തട്ടുമെന്നുമുള്ള മുൻവിധി വെച്ചുകൊണ്ട് സർക്കാർ കർഷകരെ പ്രതിക്കൂട്ടിൽ നിർത്താൻ ശ്രമിക്കുന്നു. കൃഷിഭൂമി രൂപാന്തരപ്പെടുത്തുന്നതും പരിവർത്തനം ചെയ്യുന്നതും കർഷകർ മാത്രമാണെന്ന് സർക്കാർ ആരോപിക്കുന്നു. കേരളത്തിൽ 8 ലക്ഷം ഹെക്ടറിൽ നെൽകൃഷി ഉണ്ടായിരുന്നത് ഇപ്പോൾ 2 ലക്ഷം ഹെക്ടറിൽ താഴെയായി കുറഞ്ഞുവന്നത് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ തലതിരിഞ്ഞ കാർഷിക നയങ്ങൾ മൂലമാണ്. കർഷകരിൽ നിന്ന് ഭൂമി പിടിച്ചെടുക്കാനും അവരെ ജയിലിലടക്കാനുമുള്ള വ്യവസ്ഥകളാണ് ഈ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു നിയമംമൂലം നെൽകൃഷി നില നിർത്താമെന്ന് കരുതുന്നത് വെറും വ്യാമോഹം മാത്രമാണ്. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതേയും നഷ്ടം സഹിച്ച് കൃഷി നടത്തിയും തകർന്ന കർഷകരാണ് ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നത്. അത്തരം കർഷകരെ സംരക്ഷിക്കുവാനുള്ള ഒരു നിയമവും കൊണ്ടുവരാൻ സർക്കാരുകൾക്ക് ഇതേവരേയും കഴിഞ്ഞിട്ടില്ല.

*മുതലാംതോട് മണി, കേരള കർഷക സംരക്ഷണസമിതി, പാലക്കാട്*